(ബി, സി) പുനരധിവാസ ഭവനനിർമ്മാണ പദ്ധതിപ്രകാരം ഈ വർഷം പുതിയ അപേക്ഷകരെ സ്വീകരിക്കുന്നില്ല. പക്ഷെ ദുർബല വിഭാഗങ്ങൾക്കുവേണ്ടി മറ്റൊരു ബൃഹത്തായ പദ്ധതി ആവിഷ്കരിച്ച് ഈ വർഷം നടപ്പിലാക്കുന്നതാണ്. ഈ പുതിയ പദ്ധതിയിൽ പുളിമാത്ത് പഞ്ചായത്തിൽ എത്ര ഭവനങ്ങൾ നിർമ്മിക്കും എന്നത് ഈ പഞ്ചായത്തിൽ നിന്നും അർഹതയുള്ള എത്ര അപേക്ഷകൾ ലഭിക്കും എന്നതിനെ ആശ്രയിച്ചിരിക്കും.

പഴയകുന്നുമ്മേൽ പഞ്ചായത്തിൽ ദുർബലജനവിഭാഗങ്ങൾക്ക് വീടുകൾ

833 [1809] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ പഴയകുന്നുമ്മേൽ പഞ്ചായത്തിൽ പുനരധിവാസ പദ്ധതിപ്രകാരം ദുർബലജനവിഭാഗങ്ങൾക്ക് വേണ്ടി എത്ര വീടുകൾ ഇതിനകം നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിപ്രകാരം ഈ പഞ്ചായത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ ഇനിയും എത്ര വീടുകൾ കൂടി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ദുർബലവിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന ഈ പഞ്ചായത്തിൽ കൂടുതൽ ഭവനങ്ങൾ ഈ പദ്ധതിപ്രകാരം അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമോ?

ഉത്തരം

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ പഴയകുന്നുമ്മേൽ പഞ്ചായത്തിൽ നിന്നുമുള്ള 7 പേർക്ക് ഭവനനിർമ്മാണ പുനരധിവാസ പദ്ധതിപ്രകാരം ഒന്നാം ഗഡുവായ 1500 രൂപ വീതം നൽകിയിട്ടുണ്ട്. വീട് നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി, സി) പുനരധിവാസ ഭവനനിർമ്മാണപദ്ധതിപ്രകാരം ഈ വർഷം പുതിയ അപേക്ഷകൾ സ്വീകരിക്കുന്നില്ല. പക്ഷെ ദുർബലവിഭാഗങ്ങൾക്കുവേണ്ടി മറ്റൊരു ബൃഹത്തായ പദ്ധതി ആവിഷ്കരിച്ച് ഈ വർഷം നടപ്പിലാക്കുന്നതാണ്. ഈ പുതിയ പദ്ധതിയിൽ പഴയകുന്നുമ്മേൽ പഞ്ചായത്തിൽ എത്ര ഭവനങ്ങൾ നിർമ്മിക്കും എന്നത് ഈ പഞ്ചായത്തിൽ നിന്നും അർഹതയുള്ള എത്ര അപേക്ഷകൾ ലഭിക്കും എന്നതിനെ ആശ്രയിച്ചിരിക്കും.

കിളിമാനൂർ പഞ്ചായത്തിൽ ദുർബലജനവിഭാഗങ്ങൾക്ക് വീടുകൾ

834 [1810] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ കിളിമാനൂർ പഞ്ചായത്തിൽ പുനരധിവാസ പദ്ധതിപ്രകാരം ദുർബലജനവിഭാഗങ്ങൾക്കുവേണ്ടി എത്ര വീടുകൾ ഇതിനകം നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly